# ഹിജ്റ: ചരിത്രവും പാഠങ്ങളും

ഡോ. ഇമാദുദ്ദീന്‍ ഖലീല്‍

**പ്രവാചകപുംഗവന്‍** മദീനയുടെ നേരെ തന്റെ ആദ്യത്തെ കാലടികള്‍ വെച്ചപ്പോള്‍ അവിടുത്തെ വിശുദ്ധ ഹൃദയത്തില്‍ സ്പന്ദിച്ചുകൊണ്ടിരുന്നത് ഈ പ്രാര്‍ഥനയായിരുന്നു:

"എന്റെ നാഥാ, എന്നെ പ്രവേശിപ്പിക്കുന്നേടത്ത് സത്യത്തോടുകൂടി എന്നെ നീ പ്രവേശിപ്പിക്കുക. എന്നെ പുറപ്പെടുവിക്കുന്നേടത്ത് സത്യത്തോടുകൂടി പുറപ്പെടുവിക്കുക, സഹായിയായി നിന്റെ പക്കല്‍നിന്നുള്ള ശക്തി എനിക്ക് നീ ഉണ്ടാക്കിത്തരിക." മനുഷ്യന്‍ തന്റെ ഹൃദയവും ബുദ്ധിയും ദൃഷ്ടിയും കര്‍ണവുമെല്ലാം സത്യവും സഹായവും– കര്‍മപരമായ സത്യവും സനാതന മൂല്യങ്ങളുടെ സഹായവും– സ്വീകരിക്കാന്‍ വാനലോകത്തേക്കുയര്‍ത്തിയാലല്ലാതെ ചരിത്രത്തില്‍ അവന്റെ ഒരു ചലനവും സാര്‍ഥകമാവുകയോ ലക്ഷ്യം പ്രാപിക്കുകയോ ചെയ്യുകയില്ലെന്ന് അവിടുത്തേക്ക് നന്നായി അറിയാമായിരുന്നു. പക്ഷേ, മണ്ണിലെ ഉറച്ച പാദപതനങ്ങളോട് സമന്വയിതമായിരിക്കണം ഈ ദൈവികാഭിമുഖ്യമെന്ന വസ്തുത ഒരു നിമിഷാര്‍ധം പോലും അവിടുന്ന് വിസ്മരിച്ചിട്ടില്ല. ബുദ്ധിയും ദര്‍ശന–ശ്രവണേന്ദ്രിയങ്ങളും അവയുടെ ഉത്തരവാദിത്വം ഏറ്റവും മികച്ച രീതിയില്‍ നിര്‍വഹിച്ചുകൊണ്ടിരിക്കുകയും മാനുഷിക സ്വാതന്ത്ര്യത്തെ ദൈവവിധികളോടും അവന്‍ നിശ്ചയിച്ച പ്രാപഞ്ചിക ചര്യകളോടും സമീകരിക്കുകയും വേണം. ആകാശത്തിന്റെ സ്വഛതയും ദീപ്തിയും തമ്മിലുള്ള ലയം, ഭൂമിയുടെ നിരപ്പും മാര്‍ഗത്തിന്റെ ദുര്‍ഘടതയും തമ്മിലുള്ള ഏകീഭാവം, മനുഷ്യനും മനുഷ്യ സ്രഷ്ടാവും തമ്മിലുള്ള നിതാന്തവും ക്രിയാത്മകവുമായ ഭാഷണം, ആത്മാവിന്റെ സ്വാതന്ത്ര്യവും ജഡത്തിന്റെ പാരതന്ത്ര്യവും തമ്മിലുള്ള ഐക്യം, ദൃശ്യവും അദൃശ്യവും തമ്മിലുള്ള സുസ്ഥിരമായ ബന്ധം– അതില്ലാതെ ഒരു പ്രസ്ഥാനവും നിലനില്‍ക്കുകയോ മഹത്തായ ഒരു വിപ്ലവമുണ്ടാവുകയോ ഇല്ല.

തിരുമേനി(സ)യുടെ ഹൃദയം പ്രാര്‍ഥന ഉരുവിട്ടുകൊണ്ടിരുന്നു. അപ്പോഴദ്ദേഹം തന്റെ ലക്ഷ്യത്തിലേക്കുള്ള പാതയും ആ പാതയില്‍ സഞ്ചരിക്കാനുള്ള പാഥേയവും സജ്ജീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാര്‍ഥന പരിപാടികള്‍ ആസൂത്രണം ചെയ്യുന്നതിനു മുമ്പോ അതിനു ശേഷമോ മാത്രമായിരുന്നില്ല. ദൈവേഛയും മനുഷ്യാഭിലാഷങ്ങളും തമ്മിലുള്ള ബന്ധത്തിനിടയില്‍ മുന്‍പിന്നും പിന്‍പിന്നും പ്രസക്തിയുമില്ല. പ്രാര്‍ഥനയും പ്രവര്‍ത്തനവും മനോഹരമായ ഒരു നിര്‍മാണത്തിന്റെ ഊടും പാവുമാണ്. ഒന്ന് മറ്റേതിന്റെ പൂരകം. കാരണം, സ്വന്തം ചലനത്തിന്റെ ഏറ്റവും ചെറിയ കണികയിലും ഏറ്റവും വലിയ സംഘാതത്തിലും തനിക്കുനല്‍കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ പരിധിയില്‍നിന്നുകൊണ്ട് ഭൂമിയില്‍ അല്ലാഹുവിന്റെ നിയമങ്ങള്‍ സാക്ഷാത്കരിക്കുക മാത്രമാണ് മനുഷ്യന്‍. പരിപാടികള്‍ക്കു മുമ്പോ അതിനുശേഷമോ മാത്രമുണ്ടാകുന്ന പ്രാര്‍ഥന ഒരുതരം ദൈ്വതവത്കരണമാണ്. ദൈവിക തത്ത്വങ്ങള്‍ അതിനെ നിശിതമായി നിരാകരിച്ചിട്ടുണ്ട്. അത് ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയില്‍ വമ്പിച്ച വിടവ് സൃഷ്ടിക്കുകയും പ്രകൃതിചര്യയോടും അടിസ്ഥാന മൂല്യങ്ങളോടും നിരക്കാത്തവിധം ചരിത്രച്ചരടിന്റെ രണ്ടറ്റങ്ങളും തമ്മില്‍ മുറിച്ചു വേര്‍പ്പെടുത്തുകയും ചെയ്യുന്നുവെന്നതാണ് അതിനു കാരണം.

തന്റെ പ്രസ്ഥാനത്തിന്റെ പരിപൂര്‍ണ വിജയത്തിനാവശ്യമായ എല്ലാ ഉപകരണങ്ങളും നബി(സ) സജ്ജീകരിച്ചു. അല്ലാഹുവിനോട് നിരന്തരം പ്രാര്‍ഥിച്ചുകൊണ്ടിരിക്കെ അവിടുന്നു തന്റെ ലക്ഷ്യത്തിലേക്കുള്ള സൂക്ഷ്മമായ കാല്‍വെപ്പുകള്‍ സ്വന്തം കാലുകള്‍കൊണ്ടുതന്നെ നടത്തിക്കൊണ്ടിരുന്നു. കാലത്തിന്റെ അപ്രതിഹതമായ പ്രവാഹത്തില്‍ ആ വിത്തുകള്‍ വളരുകയും പുഷ്പിക്കുകയും ഫലം വിളയിക്കുകയും ചെയ്തു. അങ്ങനെ അവിടുത്തെ ആ കാല്‍വെപ്പുകള്‍ ലക്ഷ്യത്തില്‍ ചെന്നവസാനിച്ചു. ഈ അധ്യാപനം ഏറെ സ്ഫുടിതമാകുന്ന സംഭവമാണ് ഹിജ്റ.

ഗത്യന്തരമില്ലാത്ത ഒരു നിമിഷത്തില്‍ പെട്ടെന്നെടുത്ത ഒരു തീരുമാനമായിരുന്നില്ല ഹിജ്റ. സുദീര്‍ഘമായ ഒരു കാലഘട്ടത്തിനിടയില്‍ സൂക്ഷ്മമായി പടുത്തുയര്‍ത്തിയ ഒരു മഹാഗോപുരമാണത്. തിരുനബി(സ)യും ശിഷ്യന്മാരും തന്നെയാണ് സ്വയം തൂമ്പകളേന്തി സുഭദ്രമായ ആ സ്ഥാപനത്തിന്റെ പാതകം കീറിയത്. ഇസ്‌ലാം ആഗതമായത് മനുഷ്യകുലത്തിലെ പരസ്പര പൂരകമായ മൂന്നു വൃത്തങ്ങളില്‍ അതിന്റെ അസ്തിത്വം ഉള്‍ചേര്‍ക്കാ

നത്രേ. മനുഷ്യൻ, രാഷ്ട്രം, നാഗരികത ഇവയാണാ വൃത്തങ്ങൾ. മക്കയിൽവെച്ച് ഇസ്‌ലാം 'മനുഷ്യൻ' എന്ന വൃത്തം പിന്നിട്ടു. രണ്ടാമത്തെ മേഖലയായ രാഷ്ട്രത്തിലേക്കുള്ള പ്രയാണമാർഗത്തിൽ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും മതപരവുമായ പ്രതിബന്ധങ്ങൾ ഉയർന്നുവന്നു. പക്ഷേ പ്രതിബന്ധങ്ങൾക്ക് വഴങ്ങിക്കൊടുക്കാവുന്ന മേഖലയായിരുന്നില്ല അത്. കാരണം രാഷ്ട്രത്തിന്റെ അഭാവത്തിൽ മനുഷ്യൻ എന്ന വൃത്തം സുരക്ഷിതമായ പുറംതോടില്ലാത്ത ഒരു ന്യൂക്ലിയസ് പോലെയാണ്. പ്രതിലോമ ശക്തികളുടെ സമ്മർദങ്ങൾക്കും ആത്മീയവും ഭൗതികവുമായ കൈയേറ്റങ്ങൾക്കും അത് സദാ തുറന്നുകിടക്കും. രാഷ്ട്രത്തിന്റെ സംരക്ഷണമില്ലാത്ത വ്യക്തികൾക്കോ സമൂഹത്തിനോ ശരിയാംവണ്ണം അവരുടെ ദൗത്യം പൂർത്തീകരിക്കുക സാധ്യമല്ലെന്ന യാഥാർഥ്യം അനിഷേധ്യമാണ്– അവരുടെ മൂല്യങ്ങളെയും സംസ്കാരങ്ങളെയും നിഷേധിക്കുന്നുവെങ്കിൽ വിശേഷിച്ചും. അതിനാൽ പ്രതികൂല പരിതഃസ്ഥിതികളുടെ സമ്മർദത്തിനും വ്യതിചലന പ്രേരണകൾക്കും അതീതവും മുസ്‌ലിമായ മനുഷ്യന് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ പര്യാപ്തവുമായ ഒരു ഭൂപ്രദേശം കണ്ടെത്തേണ്ടത് അനിവാര്യമാകുന്നു. ഇതുതന്നെയാണ് ദ്വിതീയ വൃത്തം. ഈ വൃത്തം തന്നെയാണ് മുസ്‌ലിംകളാൽ സ്ഥാപിക്കപ്പെടാൻ ചുമതലപ്പെടുത്തപ്പെട്ട രാഷ്ട്രവും.

മക്ക രാഷ്ട്രമാകാൻ, പർവതങ്ങളാൽ ചുറ്റപ്പെട്ട ഒരു താഴ്‌വരയും വിഗ്രഹങ്ങൾ തിങ്ങിയ കഅ്ബയും ഇസ്‌ലാമിന്റെ ഭൂമിയാകാൻ അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ട നിമിഷം മുതൽ ആരംഭിച്ചിട്ടുണ്ട്, ഹിജ്റ. അന്നുതൊട്ടുതന്നെ മുസ്‌ലിംകൾക്ക് ഒരു രാഷ്ട്രവും ദേശവും നൽകുകയും അവരുടെ ശക്തികളെയും കഴിവുകളെയും വ്യവസ്ഥാപിതമായി പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ഹിജ്റക്കുവേണ്ടി പരിശ്രമിച്ചുതുടങ്ങിയിരുന്നു.

## ഹിജ്റയുടെ ആരംഭം

ഹിജ്റയുടെ ആരംഭബിന്ദു കൃത്യമായി പറയുക സാധ്യമല്ല. എങ്കിലും രണ്ട് സംവത്സരങ്ങൾ നീണ്ടുനിന്ന രൂക്ഷമായ ശിഅ്ബു അബീത്വാലിബ് ഉപരോധത്തിൽനിന്ന് മുസ്‌ലിംകൾ മോചിതരായ ഉടനെത്തന്നെ നബി(സ) ഇവ്വിഷയകമായി പ്രവർത്തന പരിപാടികളാവിഷ്കരിച്ചു തുടങ്ങി എന്നു നമുക്കറിയാം. മുശ്‌രിക്കുകൾ പൊതുവിലും വിഗ്രഹാരാധക ഖുറൈശി നേതൃത്വം പ്രത്യേകിച്ചും തങ്ങളുടെ വിശ്വാസാചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കുമെതിരിൽ ഇസ്‌ലാം ഉയർത്തിയ വെല്ലുവിളികളെ അന്ത്യനിമിഷംവരെ എന്തു വിലകൊടുത്തും പ്രതിരോധിക്കുവാൻ തയാറായിരുന്നുവെന്നതും നിസ്സംശയമത്രെ.

ഇസ്‌ലാമികമായ കഴിവുകളെ ഒരു രാഷ്ട്രത്തിന്റെ ചട്ടക്കൂട്ടിൽ വാർത്തെടുക്കാനും സ്ഥിരമായ ദൗത്യനിർവഹണത്തിൽ കൂടുതൽ വിപുലമായ കാൽവെപ്പുകൾ നടത്താനും ഉപയുക്തമായ ഒരു പുതിയ സ്ഥലത്തേക്കു പുറപ്പെടാനുള്ള ശ്രമങ്ങൾ അതിദ്രുതമായാണ് അവിടുന്ന് നടത്തിക്കൊണ്ടിരുന്നത്. മാനുഷിക കഴിവുകളെ അസ്ഥാനത്ത് പാഴാക്കിക്കളയാതിരിക്കാൻ നബി(സ) അങ്ങേയറ്റം ജാഗ്രത പുലർത്തിയിരുന്നുവെന്ന് അവിടുത്തെ പവിത്ര ചരിത്രം സുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ആഭ്യന്തരമായി വിഗ്രഹസംസ്കാരത്തിന്റെ തിന്മകൾ മുസ്‌ലിം വ്യക്തികളുടെ ഗുണങ്ങളെ നശിപ്പിക്കാനിടയാകാത്ത ഒരു സമൂഹം, പുറമെനിന്ന് വിഗ്രഹമൂല്യങ്ങളുടെ സമ്മർദമില്ലാത്ത ഒരു വ്യവസ്ഥ, മുസ്‌ലിംകളുടെ സൃഷ്ടിപരമായ പ്രവർത്തനശേഷി ഉദ്ദിഷ്ടപഥത്തിൽ ചലനാത്മകമാകുന്നതിനു പകരം ഖുറൈശികളുടെ കിരാത മർദനങ്ങളാൽ ശിഥിലമാകാനിടയില്ലാത്ത ഒരു സാഹചര്യം, അതായിരുന്നു നബി(സ)യുടെ ഉന്നം.

തിരുമേനി(സ) ത്വാഇഫിലേക്ക് പുറപ്പെട്ട അന്നുതന്നെ അവിടുത്തെ ഹിജ്റ ആരംഭിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, ആ പ്രഥമ ഹിജ്റ ക്രൂരവും പരിതാപകരവുമായ ഫലമാണദ്ദേഹത്തിന് നൽകിയത്. എങ്കിലും അവിടുന്ന് നിരാശനായില്ല. കാരണം പിന്നീട് ഒരു രാഷ്ട്രമായി വളരാവുന്ന ഹിജ്റക്കും അനന്തരം തന്റെ സഹായിയായിത്തീരാവുന്ന ഒരു രാഷ്ട്രത്തിന്റെ നിർമാണത്തിനും വേണ്ടി പരിപൂർണമായ മാനുഷികാധ്വാനം വിനിയോഗിക്കുകയാണെങ്കിൽ അന്തിമ വിജയം തനിക്കുതന്നെയായിരിക്കുമെന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. ത്വാഇഫിലെ ഒരു തോട്ടത്തിന്റെ മതിലിന് കീഴിൽനിന്ന് കിതപ്പാറ്റവെ അദ്ദേഹം നാഥനോട് പ്രാർഥിച്ചു: "(നാഥാ) നിനക്കെന്നോട് കോപമില്ലെങ്കിൽ (ഇതൊന്നും) ഞാൻ സാരമാക്കുന്നില്ല!!" വീണ്ടും അവിടുന്ന് അക്ഷീണം യാത്ര തുടർന്നു. അങ്ങനെ ഹജ്ജ് സീസണിൽ മക്കയിലണഞ്ഞുകൊണ്ടിരുന്ന വിവിധ ഗോത്രങ്ങളുടെ പ്രതിനിധി സംഘങ്ങളുമായദ്ദേഹം സന്ധിച്ചു. അവർക്ക് പുതിയ ദീൻ വിവരിച്ചുകൊടുത്തു. അവരുടെ മുമ്പിൽ പുതിയ മതം അവതരിപ്പിക്കുന്നതോടൊപ്പം നികത്താനാവാത്ത വിടവുകൾവീഴുകയും സ്ഥിതിഗതികൾ ഗുരുതരമാവുകയും ചെയ്യുന്നതിനു മുമ്പ് പ്രയാസമേറിയ അതിന്റെ ദൗത്യം അതിശീഘ്രം പൂർത്തീകരിക്കാനായി അവരുടെ ദേശത്ത് ആ പുതിയ മതത്തിനു അനുവാദം നൽകുവാനും അതിനെ സംരക്ഷിക്കാനും അവരോടാവശ്യപ്പെടുകയും ചെയ്തു. നബി(സ)ക്ക് ഹിജ്റ ചെയ്യുക ത്വാഇഫിലേക്കാകാമായിരുന്നു. അല്ലെങ്കിൽ പടിഞ്ഞാറോ കിഴക്കോ ഉള്ള ശക്തമായ മറ്റേതെങ്കിലും അറബി ഗോത്രത്തിന്റെ നാട്ടിലേക്കാകാമായിരുന്നു. പക്ഷേ, ആ ശക്തായ ഗോത്രങ്ങളിൽ (ബനൂകൻദ, ബനൂആമിർ, ബനൂഹനീഫ തുടങ്ങിയവ) ഒറ്റയെണ്ണവും അദ്ദേഹത്തിനു നേരെ സഹായഹസ്തം നീട്ടിയില്ല. അവരാരും തങ്ങളുടെ നാട്ടിലേക്ക് അദ്ദേഹത്തെ സ്വാഗതം ചെയ്തതുമില്ല. ജാഹിലിയ്യാ വിഗ്രഹ വിശ്വാസങ്ങൾ അവരുടെ ഹൃദയങ്ങളെയും ദൃഷ്ടികളെയും ഘനാന്ധകാരത്തിലാഴ്ത്തിയിരുന്നു. അതിനാൽ നബി(സ)യോട് ഞങ്ങളങ്ങയെ സഹായിച്ചുകൊള്ളാം, ഞങ്ങളങ്ങക്ക് ബൈഅത്ത് ചെയ്യുന്നു എന്നു പറഞ്ഞിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശ്രേഷ്ഠതയും അന്തസ്സും അവർക്ക് കാണാനൊത്തില്ല.

തിരുനബി(സ) തനിക്കും ശിഷ്യന്മാർക്കും തങ്ങളുടെ പ്രവിശാലമായ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യാൻ അനുയോഗ്യമായ പലായനസ്ഥാനം അന്വേഷിച്ചുകൊണ്ടേയിരുന്നു. അല്ലാഹു യസ്‌രിബിൽ നിന്ന് ചെറിയൊരു സംഘത്തെ മക്കയിലേക്ക് നിയോഗിച്ചിട്ടുണ്ടായിരുന്നു. അതെ, അലംഘനീയമായ ദൈവേച്ഛ തന്നെയാണ് പ്രവാചക ലബ്ധിയുടെ പതിനൊന്നാംവർഷം അവരെ മക്കയിലേക്കാനയിച്ചത്. അഖബയിൽ വെച്ച് നബി(സ) അവരുമായി സന്ധിച്ചു. യസ്‌രിബ് ഭാഗത്തുനിന്നു വരുന്നവർക്ക് മക്കയിലേക്ക് പ്രവേശിക്കാനുള്ള കവാടമായിരുന്നു അഖബ. അവിടെവെച്ചുതന്നെ

പ്രവാചകൻ ദീനുൽ ഇസ്‌ലാമിനെ അവരുടെ മുമ്പിലവതരിപ്പിച്ചു. ഇസ്‌ലാമിലെ നൈതിക മൂല്യങ്ങളും സമത്വസിദ്ധാന്തങ്ങളും മനുഷ്യപ്രകൃതിയുമായി അവക്കുള്ള ഇണക്കവുമെല്ലാം അവിടുന്നവർക്ക് ലളിതമായും സുഗ്രഹമായും വിവരിച്ചുകൊടുത്തു. അവർ അതംഗീകരിക്കാനും തങ്ങൾ ഇസ്‌ലാം സ്വീകരിച്ചതായി പ്രഖ്യാപിക്കാനും ഒട്ടും താമസമുണ്ടായില്ല. തങ്ങൾ യസ്‌രിബിൽ തിരിച്ചെത്തിയാൽ ഈ സത്യസന്ദേശം കൊണ്ട് സ്വന്തം ജനങ്ങൾക്ക് സുവിശേഷമറിയിക്കുന്നതാണെന്ന് ആ ചെറുസംഘം നബി(സ)ക്ക് വാഗ്ദത്തം നൽകുകയും ചെയ്തു. ഒരു വർഷം കടന്നുകഴിഞ്ഞില്ല. യസ്‌രിബിൽനിന്നുള്ള മറ്റൊരു സംഘം അതേ സ്ഥാനത്തുവെച്ച് നബി(സ)യെ സന്ധിച്ചു. മദീനയിലെ പ്രമുഖ ഗോത്രങ്ങളായ ഔസിൽനിന്നും ഖസ്‌റജിൽനിന്നുമുള്ള 12 പേർ അടങ്ങിയതായിരുന്നു ആ സംഘം. കഴിഞ്ഞ വർഷം നബിയുമായി സംസാരിച്ച ആറുപേരും അവരിലുൾപ്പെട്ടിരുന്നു. ഇപ്രാവശ്യം അവരെത്തിയത് തങ്ങൾ ഇസ്‌ലാം സ്വീകരിച്ചതായി പ്രഖ്യാപിക്കാനല്ല. പിന്നെയോ ഇസ്‌ലാമിന്റെ ലക്ഷ്യങ്ങളും മൂല്യങ്ങളും സംസ്കാരവും മുറുകെ പിടിക്കുന്നതാണെന്ന് തിരുമേനിക്ക്(സ) ബൈഅത്ത് ചെയ്യാനായിരുന്നു. അടുത്ത പാദം മുന്നോട്ടുവെക്കാൻ, തന്റെ പഴയ ആവശ്യം–അവരുടെ ദേശത്ത് ഇസ്‌ലാമിനെ അനുവദിക്കുകയും അവരതിനെ സംരക്ഷിക്കുകയും ചെയ്യുക– ഉന്നയിക്കാൻ നബി(സ) ധൃതി കാണിക്കണമെന്നുദ്ദേശിച്ചില്ല. തന്റെ കർമബുദ്ധിയുടെയും തന്നെ വലയം ചെയ്തിട്ടുള്ള ദൈവിക പ്രകാശത്തിന്റെയും സഹായത്താൽ പുതിയ ശിഷ്യന്മാരുടെ പ്രവർത്തന ഫലങ്ങൾ നിരീക്ഷിക്കുകയും സാധ്യതകളും പ്രശ്നങ്ങളും ആരായുകയുമാണാദ്യം വേണ്ടതെന്ന് അവിടുന്ന് തീരുമാനിച്ചു. പ്രഥമ കൂടിക്കാഴ്ചയിൽ ആഗതർക്ക് ഇസ്‌ലാമിനെ നന്നായി പരിചയപ്പെടുത്തുക മാത്രമേ അവിടുന്നു ചെയ്തുള്ളൂ. അവരിൽനിന്ന് യാതൊരു കരാറും വാങ്ങാതെയാണ് അവിടുന്നവരോട് വിടപറഞ്ഞത്. രണ്ടാമത്തെ കൂടിക്കാഴ്ചയിൽ പ്രവാചകൻ അവരുമായി ബൈഅത്ത് –കരാർ– ചെയ്തു. വേണമെങ്കിൽ അതിനെ നമുക്ക് ഒരു സമാധാന സന്ധി എന്ന് വിളിക്കാം. അവരിൽ ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കാൻ ഒരു യുവ പ്രബോധകനായിരുന്ന മിസ്അബുബ്നു ഉമൈറിനെ കൂടെ അയച്ചുകൊടുക്കുകയും ചെയ്തു. ആദ്യവട്ടം ഇങ്ങനെയൊരു പ്രവർത്തകനെ യസ്‌രിബിലേക്കയക്കാനും അദ്ദേഹം മുതിർന്നിരുന്നില്ല. കാരണം ഭാവിയെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ അവിടുത്തേക്ക് ലഭിക്കേണ്ടതുണ്ടായിരുന്നു. യസ്‌രിബിൽ ദീനുൽ ഇസ്‌ലാമിന് ശോഭനമായ ഭാവി വിളംബരം ചെയ്തുകൊണ്ട് രണ്ടാമത്തെ പ്രതിനിധിസംഘം എത്തിച്ചേരുകയും ബൈഅത്ത് നൽകുകയും ചെയ്തപ്പോൾ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും പ്രബോധനത്തിന്റെയും കാര്യങ്ങൾ നോക്കിനടത്താൻ ഒരു പ്രതിനിധിയെ അങ്ങോട്ടയച്ചു.

മാസങ്ങൾക്കു പിറകെ മാസങ്ങൾ കടന്നുപോയി. മദീനയിൽ മിസ്അബ് വിശ്രമമെന്തെന്നറിയാതെ ക്ഷീണം മറന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഖുർആനിലൂടെ ചലനം കൊണ്ടു. ഖുർആൻകൊണ്ട് ജനങ്ങളുടെ ബുദ്ധിയെയും ഹൃദയത്തെയും ചലിപ്പിക്കുകയും ചെയ്തു. ദിവ്യസൂക്തങ്ങളുടെ അടിസ്ഥാന സവിശേഷതകളിലൊന്നാണല്ലോ അമാനുഷമായ വശീകരണശക്തി. വീർപ്പടക്കിപ്പിടിച്ച് ശ്രദ്ധിച്ചുനിൽക്കുന്ന ജനങ്ങളുടെ മധ്യത്തിൽനിന്ന് മിസ്അബ് അത് പാരായണം ചെയ്യുമ്പോൾ ആ വശീകരണ ശക്തി അവർണനീയമാംവണ്ണം വർധിച്ചിരുന്നു. മദീനയുടെ നാൽക്കവലകളും തെരുവുകളും മിസ്അബ് വിശുദ്ധ ഖുർആന്റെ സുതാര്യവും ഗംഭീരവുമായ ധ്വനികൾകൊണ്ട് നിറച്ചു. പ്രവാചകനിയോഗത്തിന്റെ പതിമൂന്നാം വർഷം ഹജ്ജുകാലം ആസന്നമായപ്പോൾ അദ്ദേഹം മക്കയിലേക്ക് പുറപ്പെട്ടു. തന്റെ നായകനായ പ്രവാചകനെ കാണാനുള്ള ഉൽക്കടമായ ആവേശത്താൽ വിങ്ങുകയായിരുന്നു ആ യുവ ഹൃദയം. മക്കയിൽ അദ്ദേഹം നബിയുമായി സന്ധിച്ചു. യസ്‌രിബിലെ തന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ നബി(സ)ക്ക് വിവരിച്ചുകൊടുത്തു. യസ്‌രിബ് നിവാസികളുടെ വമ്പിച്ച ഒരു പ്രതിനിധി സംഘത്തെയും കൊണ്ട് അടുത്തു തന്നെ താൻ തിരുമേനിയെ സന്ദർശിക്കുന്നുണ്ടെന്നും ആ സംഘം തീർച്ചയായും നബിയുടെ കണ്ണിനും കരളിനും കുളിരേകുമെന്നും കൂടി മിസ്അബ് അവിടുത്തെ അറിയിച്ചു.

പുതിയ പ്രതിനിധി സംഘവുമായും നബി(സ) സന്ധിച്ചത് അഖബയിൽ വെച്ചുതന്നെയായിരുന്നു. എഴുപത്തിമൂന്നു പുരുഷന്മാരും രണ്ടു വനിതകളുമായിരുന്നു ഇപ്രാവശ്യം സംഘത്തിന്റെ അംഗസംഖ്യ. അർധരാത്രിയാണ് പ്രതിനിധികൾ നബിയെ കാണേണ്ടതെന്ന് രഹസ്യമായി തീരുമാനിക്കപ്പെട്ടിരുന്നു. അങ്ങനെ മുശ്‌രിക്കുകളുടെ ചികയുന്ന ദൃഷ്ടികളെല്ലാം അടയുകയും കുടില ഹൃദയങ്ങൾ അബോധത്തെ പുണരുകയും പ്രപഞ്ചം കൂരിരുട്ടിന്റെ കരിമ്പടം പുതക്കുകയും മക്കയിൽ നിശ്ശബ്ദതയും നിശ്ചലതയും നിറഞ്ഞുനിൽക്കുകയും ചെയ്തപ്പോൾ സംഘാംഗങ്ങൾ പാത്തും പതുങ്ങിയും ഒറ്റയായും ഇരട്ടയായും തിരുസമക്ഷത്തിലണഞ്ഞു. അവിടെ വെച്ച് രണ്ടാം ബൈഅത്ത്, മഹത്തായ ബൈഅത്ത് നടക്കുകയും ചെയ്തു. ഇപ്രാവശ്യം കരാർ ഖണ്ഡിതവും സ്പഷ്ടവും പൂർണവുമായ രൂപത്തിലായിരുന്നു. യുദ്ധത്തിലും സമാധാനത്തിലും തങ്ങൾ ഇസ്‌ലാമിനും അതിന്റെ താൽപര്യങ്ങൾക്കും വേണ്ടി നിലകൊള്ളുമെന്ന് അവർ അല്ലാഹുവിനെപ്പിടിച്ചാണയിട്ടുകൊണ്ടും, തിരുമേനിയുടെ വിശുദ്ധ കരത്തിൽ കരങ്ങൾ ചേർത്തുകൊണ്ടും പ്രതിജ്ഞ ചെയ്തു. നബി (സ)യെ അവർ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യും. അവിടത്തെ ദൗത്യത്തെ എതിർക്കാനും സംഘത്തെ നശിപ്പിക്കാനും ശ്രമിക്കുന്ന ഏതു ശക്തിക്കെതിരിലും ആയുധമുയർത്താൻ അവർ തെല്ലും ശങ്കിക്കുകയില്ല. ബൈഅത്ത് പൂർത്തീകരിച്ചു തിരിച്ചുപോകുന്നതിനു മുമ്പ് നബി(സ) ആ സംഘത്തിൽനിന്ന് ഒരു പന്ത്രണ്ടംഗ പ്രബോധകസമിതിയെ തെരഞ്ഞെടുത്തു. മദീനയിൽ ഇസ്‌ലാമിക സംസ്കാരം വളർത്തുകയായിരുന്നു അവരുടെ മുഖ്യ ചുമതല. ഈ സമിതിയുടെ രൂപീകരണത്തിൽ നബി(സ)യുടെ സമർഥമായ ഒരു പ്രബോധനതന്ത്രം ഒളിഞ്ഞുകിടക്കുന്നുണ്ട്.

മദീനയിൽ ഇസ്‌ലാമിനെ തദ്ദേശീയമായ ഒരു മതമാക്കി മാറ്റുകയായിരുന്നു അത്. ഇസ്‌ലാം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെട്ടതോ വിദേശീയർ പ്രബോധനം ചെയ്യുന്നതോ ആയ ഒരാശയമായി യസ്‌രിബ് നിവാസികൾക്ക് തോന്നാതിരിക്കേണ്ടത് അവഗണിച്ചുകൂടാത്ത ഒരാവശ്യമായിരുന്നു. പ്രബോധകരെ മക്കയിൽനിന്ന് നിയോഗിച്ചയക്കു

ന്നതിനു പകരം മദീനാവാസികളെത്തന്നെ പ്രബോധകരായി നിശ്ചയിക്കുകയാണ് അതിന് ഏറ്റവും ഉചിതവും വിജയകരവുമായ മാർഗം. അപ്പോൾ ഇസ്‌ലാം അവരുടെ സ്വന്തം നിധിയും അവർ അതിന്റെ ഉടമസ്ഥരും കാവൽക്കാരുമായി മാറുന്നു.

പുരോഗതിയുടെ മാർഗത്തിൽ തിരുമേനിയുടെ ഭദ്രമായ കാൽവെപ്പുകളായിരുന്നു അത്. ഇതോടൊപ്പം അവിടുന്ന് സമർഥരായ നിരീക്ഷകന്മാരുടെ സഹായമുപയോഗിച്ച് പ്രശ്നങ്ങളെയും സാധ്യതകളെയും നിരങ്കുശമായി ആരാഞ്ഞുകൊണ്ടുമിരുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം ദൈവിക മാർഗദർശനവും സഹായവും ഒരു നിമിഷം പോലും അവിടുത്തെ വിട്ടുപിരിഞ്ഞിട്ടുമില്ല. അല്ലെങ്കിൽ യസ്‌രിബിലെ പ്രതികൂല സാഹചര്യങ്ങളിൽനിന്ന് ഒന്നിനു പിറകെ ഒന്നായി ഭാവിയിലേക്ക് സുവർണ കിരണങ്ങൾ പ്രസരിച്ച ആ പ്രതിനിധിസംഘങ്ങളെ തിരുമേനിയുടെ മുമ്പിലേക്ക് നയിച്ചതാരായിരുന്നു?

## മദീനയിലേക്കുള്ള ഹിജ്‌റ

നബി(സ) തന്റെ ശിഷ്യന്മാർക്ക് ഹിജ്‌റ ആരംഭിക്കാൻ കൽപന കൊടുത്തു. കഴിയുന്നത്ര രഹസ്യമായും ഒറ്റയായും വേണം അവർ പുറപ്പെടാനെന്നും അവിടുന്ന് നിർദേശിച്ചു. തുടർന്ന് മക്കാ തെരുവുകൾക്ക് പരിചിതമായ പല പാദങ്ങളും അവിടെ പതിയാതായി. നിരവധി വീടുകളിൽനിന്ന് ദിനേന അംഗങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഖുറൈശികളുടെ നിശാസഭകൾ പ്രവാചക ശിഷ്യന്മാരുടെ ധാരമുറിയാത്ത തിരോധാനങ്ങൾക്ക് സാക്ഷ്യംവഹിച്ചു. പക്ഷേ ശിഷ്യന്മാരുടെ ഹിജ്‌റയുടെ സുരക്ഷിതത്വത്തിന് മേൽനോട്ടം വഹിക്കുകയായിരുന്നു അവിടുന്ന്. പുറപ്പെട്ടുകൊള്ളാനുള്ള ദൈവിക നിർദേശം ലഭിക്കുന്നതുവരെ നബി(സ)യും തന്നോടൊപ്പം നിൽക്കാൻ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരും മക്കയിൽതന്നെ അവശേഷിച്ചു.

തുടർച്ചയായ ഈ അപ്രത്യക്ഷമാകൽ ഖുറൈശികൾ കാണുന്നുണ്ടായിരുന്നു. ആദ്യമൊന്നും അവരതത്ര കാര്യമാക്കാതിരിക്കാൻ ശ്രമിച്ചു. പലായനം ഒരു നിരന്തരമായ പ്രവാഹമാണെന്നു കണ്ടപ്പോൾ അവർ കണ്ണുതുറന്നു. മക്കയിലെ മുസ്‌ലിംകളുടെ സംഖ്യ അതിശീഘ്രം ക്ഷയിച്ചുകൊണ്ടേയിരിക്കുകയാണ്. അവർ മരിച്ചു തീരുകയല്ല, മനം മാറുകയല്ല, അവർ അപ്രത്യക്ഷരാവുകയാണ്. നാട് വെടിഞ്ഞ് പോവുകയാണ്. അവർക്ക് നാടുവേണ്ട, വീടുവേണ്ട, സഹധർമിണികളും സന്താനങ്ങളും സമ്പത്തും വേണ്ട. എല്ലാം പിന്നിൽ ഇട്ടെറിഞ്ഞു വെറും കൈയോടെ, എന്നാൽ ഒരിക്കലും തീരാത്ത, ആരാലും തട്ടിപ്പറിക്കപ്പെടാത്ത അക്ഷയമായ പാഥേയങ്ങളും പരിവാരങ്ങളും കൂടെ കൊണ്ടുപോകുന്നവരെപ്പോലെ നിർഭയരായി അവർ മക്കയിൽ നിന്നു യാത്ര തിരിക്കുന്നു. കുടുംബത്തേക്കാളും സമ്പത്തിനേക്കാളുമെല്ലാം മഹത്തരവും വിലപിടിച്ചതുമായിരുന്നു അവരുടെ ലക്ഷ്യം. ആ ലക്ഷ്യത്തിലുള്ള വിശ്വാസവും കൂറും തന്നെയായിരുന്നു അവരുടെ പാഥേയം. ക്ഷണികമായ ദേഹേഛകളും വ്യഷ്ടിഗതവും സമഷ്ടിഗതവുമായ ക്ഷുദ്രതാൽപര്യങ്ങളും അഗണ്യകോടിയിൽ തള്ളിക്കളയാൻ അവർ സന്നദ്ധരാണ്. പലായനത്തിന്റെ പരിണതിയായി സാക്ഷാത്കരിക്കപ്പെടാനിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി തങ്ങളുടെ ജീവൻ പോലും തൃണവത്ഗണിക്കാൻ അവർക്കു മടിയില്ല. എന്നിരിക്കെ സ്ത്രീകൾക്കും കുട്ടികൾക്കും അവരെ തടഞ്ഞു നിർത്താൻ കഴിയുന്നതെങ്ങനെ?

ഖുറൈശി മുശ്‌രിക്കുകൾ, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ലക്ഷ്യം അവർക്ക് നന്നായറിയാം. അതുകൊണ്ടു തന്നെ മക്ക മുസ്‌ലിംകളിൽനിന്ന് മോചിതമാകുന്നതിനെ അവർ സന്തോഷത്തോടെയല്ല വീക്ഷിച്ചിരുന്നത്. ഓരോ മുസൽമാന്റെയും ഒളിച്ചോട്ടം ഖുറൈശി നേതാക്കളിൽ ഒരു ഞെട്ടലുളവാക്കിയിരുന്നു. ഓരോ മുസ്‌ലിമിന്റെയും തിരോധാനം ഇസ്‌ലാമിനെ അതിന്റെ ഞാറ്റടിയിൽതന്നെ കരിച്ചു കളയാമെന്ന അവരുടെ പ്രതീക്ഷയിൽ പതിച്ച തീപന്തമായിരുന്നു. ഓരോ പലായനത്തിലും അപ്രതിരോധ്യമായ ഒരു തിരിച്ചുവരവിന്റെ ഭീഷണിയുണ്ടെന്ന് അവർക്കറിയാമായിരുന്നു. ഈ തിരോധാനം തുടർന്നാൽ കാര്യങ്ങൾ തങ്ങൾക്ക് കൈവിട്ടുപോകുമെന്നവർക്ക് ബോധ്യമായി. താമസംവിനാ പ്രമാണിമാർ യോഗം ചേർന്നു. അഭിപ്രായങ്ങൾ ഓരോന്നായി പ്രവഹിച്ചുകൊണ്ടിരുന്നു. നബി(സ)യെ പിടികൂടി ഒരിടത്ത് ചങ്ങലയിൽ ബന്ധിച്ചിടുക; വേണ്ട, ഒരു മരുഭൂമിയുടെ ഏതെങ്കിലും വിദൂര മൂലയിലേക്ക് നാടുകടത്തുകയാണ് നല്ലത്. അതുകൊണ്ടും ഫലമില്ല. അവനെ വധിക്കുക മാത്രമേ പ്രതിവിധിയുള്ളൂ. പക്ഷേ, അതെങ്ങനെ? ഹാശിം കുടുംബം. മക്കയിലെ ഏറ്റവും വലിയ ആഢ്യഗൃഹം. സ്വാഭിമാനികൾ. സമ്പന്നന്മാർ. ശക്തന്മാർ. കഅ്ബാ പിരപാലകരെന്ന നിലയിൽ പ്രശസ്തരും. എന്തുതന്നെയായാലും തങ്ങളിൽനിന്നൊരുവൻ വധിക്കപ്പെടുന്നത് അവർ പൊറുക്കില്ല. ഘാതകന്റെ ഗോത്രത്തെ അവർ നിലംപരിശാക്കും, തീർച്ച. അവസാനിക്കാത്ത ആഭ്യന്തര യുദ്ധത്തിന് അത് തുടക്കം കുറിക്കും. അതിനും പോംവഴി നിർദേശിക്കപ്പെട്ടു. മുഹമ്മദിനെ ഒരാളോ ഒരു കുടുംബമോ തനിച്ചു വധിക്കരുത്. എല്ലാ ഗോത്രങ്ങളും ചേർന്നുവേണം വധം നടത്താൻ. അതു വിജയിച്ചാൽ ഈ പുത്തൻ പ്രസ്ഥാനം സിദ്ധികൂടിയതുതന്നെ. മുഹമ്മദിന്റെ മരണം ഒരു വ്യക്തിയുടെ മരണമല്ല. ഒരു പ്രസ്ഥാനത്തിന്റെ, വിനാശകരമായ ഒരു തത്വശാസ്ത്രത്തിന്റെ മരണമാണ്. അതുകൊണ്ട് ആ മരണം സംഭവിച്ചേ തീരൂ. നാമെല്ലാവരും ചേർന്നു അയാളെ വധിക്കുക. ഹാശിം കുടുംബത്തോട് നമുക്ക് പറയാം; ഞങ്ങളെല്ലാവരും, മക്കയിലെ ഓരോ വീട്ടുകാരുമാണ് മുഹമ്മദിനെ വധിച്ചത്. എല്ലാ ഗോത്രങ്ങളുടെയും സന്തതികളുടെ കൈകളിൽ മുഹമ്മദിന്റെ രക്തമുറ്റുന്ന വാളുകളുള്ളതായി നമുക്കവർക്ക് കാണിച്ചുകൊടുക്കാം.

## നബി(സ)യുടെ പുറപ്പാട്

അല്ലാഹുവിന്റെ മലക്കു മുഖേന ദിവ്യസന്ദേശം അവതരിക്കുന്നു: 'പുറപ്പെട്ടുകൊള്ളുക.' തിരുമേനി അക്ഷമയോടെ കാത്തിരുന്ന നിർദേശമായിരുന്നു അത്. മുഹാജിറുകളും തദ്ദേശീയ മുസ്‌ലിംകളും തീക്കനൽ പോലെ തപിച്ചു തിളങ്ങുന്ന പ്രതീക്ഷകളുമായി തന്റെ ആഗമനവും നോക്കിയിരിക്കുന്ന കേന്ദ്രത്തിലെത്തിച്ചേർന്നു. വാഗ്ദത്തഭൂമിയിൽ പ്രബോധനത്തിന്റെ പുതിയ കാലൊപ്പുകളാരംഭിക്കുന്നതിന്, മക്ക വെടിഞ്ഞു പലായനം ചെയ്യാൻ വെമ്പൽകൊള്ളുകയായിരുന്നു അവിടുത്തെ ഹൃദയം. പക്ഷേ, തന്റെ പരിപാടികൾ അല്ലാഹു ശ്രദ്ധിക്കുകയും ശരിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് അവിടുന്ന് ഒന്നിനും ആവശ്യത്തി

ലധികം ധൃതി കാണിച്ചില്ല. കൽപിക്കപ്പെട്ട പലായനത്തിന് തനിക്കു നൽകപ്പെട്ട ദീർഘദൃഷ്ടിയും ബുദ്ധിശക്തിയും കഴിയുന്നത്ര ഉപയോഗപ്പെടുത്തി തയാറെടുപ്പുകൾ നടത്തേണ്ടതുണ്ടായിരുന്നു അദ്ദേഹത്തിന്. മനുഷ്യന്റെ പ്രകൃതിപരമായ കഴിവുകൾ പരമാവധി ഉപയോഗിച്ചുകഴിഞ്ഞ ശേഷമേ ആർക്കും അല്ലാഹുവിന്റെ സഹായത്തിന് അർഹത ലഭിക്കുന്നുള്ളൂ. ഇസ്‌ലാമിക പ്രബോധകരെ ആദ്യന്തംനയിക്കുന്നത് അഭൗമികമായ ദൈവസഹായം മാത്രമാണെങ്കിൽ അവർക്ക് ബുദ്ധിയും വിവേചനശക്തിയും ഇഛാസ്വാതന്ത്ര്യവും നൽകപ്പെടുന്നതെന്തിന്? നബി(സ)യുടെ ഹിജ്‌റയുടെ സജ്ജീകരണങ്ങളും, സുരക്ഷിതമായും വിജയകരമായും അത് നിർവഹിച്ച വിധവും എത്ര സമർഥവും തന്ത്രപരവുമായിരുന്നുവെന്ന് വർണിക്കുക സാധ്യമല്ല.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ആദർശം അംഗീകരിച്ച രണ്ട് ശിഷ്യന്മാരെ നബി(സ) മക്കയിൽ അവശേഷിപ്പിക്കുന്നു. ഹിജ്‌റാ സംരംഭത്തിൽ അതിപ്രധാമായ ചില സംഗതികൾ നിർവഹിക്കാനായിരുന്നു അവരിരുവരെയും മക്കയിൽ തന്നെ നിർത്തിയത്. അലിക്കുണ്ടായിരുന്നത് ഒന്നിൽ കൂടുതൽ ഉത്തരവാദിത്വങ്ങളാണ്. നബി(സ)യുടെ ശയ്യയിൽ അദ്ദേഹത്തിന് പകരമായി ശയിക്കുകയായിരുന്നു അതിൽ ഒന്നാമത്തേത്. തിരുമേനിയുടെ പക്കൽ ആളുകൾ സൂക്ഷിക്കാനേൽപിച്ചിരുന്ന നിക്ഷേപങ്ങൾ ഉമടകൾക്ക് തിരിച്ചേൽപിക്കുകയെന്നതും അലിയുടെ അതിപ്രധാനമായ ചുമതലയായിരുന്നു.

ചിലർക്കു തോന്നിയേക്കാം: ശാഖാപരമായ ധാർമിക നിയമങ്ങൾ പാലിക്കുന്നതിനേക്കാൾ മഹത്തരമായ ഒരു ലക്ഷ്യമാണ് ഹിജ്‌റയുടെ പിന്നിലുള്ളത്. അതുകൊണ്ട് വിജയകരമായി ഹിജ്‌റ നടത്തുക, അതാണ് പ്രധാനം. വേണമെങ്കിൽ ഇത്രകൂടി പറയാം: നബി(സ)യുടെ പക്കൽ കുന്നുകൂടിയ സൂക്ഷിപ്പുസ്വത്തുക്കൾ തന്നെ മർദിച്ചോടിക്കുന്നവരുടെ ധനമാണ്. അവ തിരിച്ചുകൊടുക്കാതെ മദീനയിലേക്ക് കൊണ്ടുപോവുകയായിരുന്നു അവിടുന്ന് ചെയ്യേണ്ടത്. അവിടെ താൻ സ്ഥാപിക്കുന്ന പുതിയ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അടിത്തറ ഭദ്രമാക്കാൻ അതുപയോഗിക്കുകയും ചെയ്യാം. ആധുനിക വിപ്ലവപ്രസ്ഥാനങ്ങളുടെ നിലപാടുകളോടും വീക്ഷണങ്ങളോടും തുലനം ചെയ്താൽ അത് അനീതിയോ അക്രമമോ ഒന്നുമല്ല. വിപ്ലവത്തിന്റെ താൽപര്യം മാത്രമാണ്.

പക്ഷേ, ഇസ്‌ലാമിന്റെ വീക്ഷണങ്ങളും പ്രവാചകന്റെ നയങ്ങളും തികച്ചും വ്യത്യസ്തമാണ്. സന്ദിഗ്ധ വേളകളിലും പ്രതിസന്ധികളിലും ധാർമിക മൂല്യങ്ങളിൽനിന്ന് അവസരോചിതം മോചിതമാകുന്നുവെങ്കിൽ ഭൗതിക പ്രസ്ഥാനങ്ങളും ഇസ്‌ലാമും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? നിക്ഷേപങ്ങൾ തിരിച്ചുനൽകാതെ നബി(സ) പലാനയം ചെയ്തിരുന്നുവെങ്കിൽ അത് മക്കാ മുശ്‌രിക്കുകളിൽ സൃഷ്ടിക്കുമായിരുന്ന പ്രതികരണമെന്തായിരിക്കുമെന്ന് ഒന്നാലോചിച്ച് നോക്കുക. ഇളിഭ്യതയുടെയും രോഷത്തിന്റെയും തീക്കുണ്ഡത്തിൽ കിടന്ന് എരിയുന്ന അവർ വിളിച്ചുകൂവുമായിരുന്നു: "വിശ്വസ്തൻ (അമീൻ) മോഷ്ടാവ് (സാരിഖ്) ആയി മാറിയിരിക്കുന്നു. ഞങ്ങൾ നേരത്തേ പറഞ്ഞില്ലേ, അവനുവേണ്ടത് പണമാണെന്ന്!!"

എന്നാൽ അബൂബക്ർ(റ), ഹിജ്‌റയിൽ നബി(സ)യുടെ സഹയാത്രികനാകാൻ തെരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ഭാഗ്യം അപരിമേയംതന്നെ. ഒരപരാഹ്നത്തിൽ തിരുമേനി(സ) ഏകനായി പാത്തും പതുങ്ങിയും അബൂബക്റിന്റെ വീട്ടിൽ കയറിച്ചെല്ലുന്നു. പതിവില്ലാത്ത രീതിയിൽ പതിവില്ലാത്ത സമയത്ത് അതും സംഭ്രാന്തനായിക്കൊണ്ട് നബി(സ) ആഗതനായപ്പോൾ വീട്ടുകാർ അമ്പരന്നു. പക്ഷേ, തിരുമേനി ആ അമ്പരപ്പ് കാര്യമാക്കുന്നില്ല. അവിടുന്ന് ധൃതിയിൽ തന്റെ ആത്മമിത്രത്തെ സമീപിച്ച് അവിടെയുണ്ടായിരുന്ന അദ്ദേഹത്തിന്റെ രണ്ട് പെൺകുട്ടികളെയും പറഞ്ഞുവിടാനാവശ്യപ്പെട്ടു. തിരുമേനി സമാധാനമായി ഇരിക്കണമെന്നും ഒന്നും ഭയപ്പെടേണ്ടതില്ലെന്നും അബൂബക്ർ അവിടുത്തെ ആശ്വസിപ്പിക്കുന്നു. അദ്ദേഹം അബൂബക്റിനോട് പറഞ്ഞു: അബൂബക്ർ, മക്കയിൽനിന്ന് പലായനം ചെയ്യാൻ അല്ലാഹു എനിക്ക് അനുവാദം നൽകിയിരിക്കുന്നു. അബൂബക്ർ(റ) ചാടിയെഴുന്നേറ്റുകൊണ്ട് പറഞ്ഞു: "തിരുദൂതരേ, ഞാൻ കൂടെ വരണ്ടേ?" നബി(സ) ശാന്തനായി പ്രതിവചിച്ചു: "നിങ്ങൾ കൂടെ വരിക." ആഇശ(റ) പ്രസ്താവിക്കുന്നു: "അല്ലാഹുവാണ, അബൂബക്ർ അന്ന് സന്തോഷംകൊണ്ട് കരയുന്നത് കാണുന്നതിനു മുമ്പ് ആരെങ്കിലും സന്തോഷം കൊണ്ട് കരയുമെന്ന് ഞാൻ കരുതിയിരുന്നില്ല!!"

'പുറപ്പെടുക' എന്ന അനുമതി കിട്ടിയപാടെ കൈയും വീശി യാത്രതിരിക്കുകയല്ല നബി(സ) ചെയ്തത്. മനുഷ്യധിഷണയുടെ പരമാവധി കഴിവുകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള അതിസമർഥമായ പരിപാടികൾ അതിനും ആസൂത്രണം ചെയ്യപ്പെട്ടിരുന്നു. ഖുറൈശികൾ അശ്രദ്ധരായിരിക്കാൻ ഏറ്റവും സാധ്യതയുള്ള നിമിഷത്തിൽ തന്നെ അവിടുന്ന് വീട്ടിന്റെ പിൻവശത്തുള്ള ജാലകത്തിലൂടെ പുറത്തുകടന്നു രക്ഷപ്പെട്ടു. യമനിലേക്കുള്ളവീഥിയിലൂടെ നേരെ തെക്കോട്ട് സഞ്ചരിച്ച് സൗർ പർവതത്തിലെ ഒരു ഗുഹയിൽ അഭയം തേടി. നബി(സ)യെ തെരഞ്ഞുപിടിക്കാൻ മക്കയുടെ ചുറ്റുപാടും പരതിനടക്കുന്ന രോഷാകുലരായ ഖുറൈശി വളണ്ടിയർമാർ നിരാശരായി തിരിച്ചുവരാനും ഖുറൈശികളുടെ കോപം ശമിക്കാനും കാത്തുകൊണ്ട് അവർ മൂന്നു നാൾ ആ ഗുഹയിൽതന്നെ പാർത്തു. അനന്തരം സാധാരണ ഉപയോഗിക്കപ്പെടാത്ത ദുർഘടമായ ഒരു പാതയിലൂടെ യാത്രയാരംഭിച്ചു. അവർക്ക് വഴികാണിച്ചിരുന്നതോ, ഒരു മുശ്‌രിക്കുതന്നെ. ഒരു വഴികാട്ടി എന്ന നിലയിലുള്ള അയാളുടെ കഴിവും വിശ്വസ്തതയും മാത്രമേ അവിടെ പരിഗണിക്കപ്പെട്ടിട്ടുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തങ്ങളുടെ പ്രത്യേക സാഹചര്യത്തിൽ അയാൾ എന്തുമാത്രം വിശ്വസ്തനാണെന്ന് തീർച്ചയായും ആ സഞ്ചാരികൾ നേരത്തേ പരിശോധിച്ചിരുന്നിരിക്കണം.

ഖുറൈശികളുടെ തെരച്ചിൽ വിദഗ്ധന്മാർ എവിടെയെല്ലാം എത്തിയിട്ടുണ്ട്? പ്രവാചകന്റെ പലായന മാർഗത്തെ എങ്ങനെയൊക്കെയാണ് അവർ കണക്കുകൂട്ടുന്നത്? എന്തൊക്കെയാണ് അവരുടെ പരിപാടികൾ? പ്രവാചകനെ സംബന്ധിച്ചേടത്തോളം അനിവാര്യമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണവ. ഇല്ലെങ്കിൽ ഏതു നിമിഷവും ശത്രുക്കളുടെ മുമ്പിൽചെന്നു ചാടാനിടയുണ്ട്. അതിനും മാർഗങ്ങൾ കണ്ടിരുന്നു. അബൂബക്റി(റ)ന്റെ പുത്രൻ അബ്ദുല്ലാഹ് ഓരോ ദിവസവും ഖുറൈശികളുടെ വിവര

ങ്ങൾ അവർക്കെത്തിച്ചുകൊണ്ടിരുന്നു.

പ്രവാചകനും അബൂബക്റും(റ) മനുഷ്യരായിരുന്നു. അവർക്ക് ഭക്ഷണവും വെള്ളവും കൂടിയേ തീരൂ. പ്രവാചകന്നും അവിടത്തെ ശിഷ്യനും അല്ലാഹു അഭൗമിക മാർഗങ്ങളിലൂടെ ഭക്ഷണം നൽകുകയില്ലേ? നൽകും. പക്ഷേ, അല്ലാഹു അവന്റെ ദാസന്മാർക്കായി ഈ ഭൂമിയിൽതന്നെ സൃഷ്ടിച്ചുവെച്ചിട്ടുള്ള ഭൗമികമായ ഭക്ഷ്യപേയങ്ങൾ കരസ്ഥമാക്കാൻ അവർ തങ്ങളുടെ മാനുഷിക കഴിവുകൾ മുഴുവൻ പ്രയോജനപ്പെടുത്തിയിട്ടും ഫലിച്ചില്ലെങ്കിൽ മാത്രം. സ്വന്തം ബുദ്ധിയും തന്ത്രജ്ഞതയും സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയപ്പോൾ മാനുഷിക മാർഗത്തിലൂടെ ഭൗതികമായ ഭക്ഷ്യപേയങ്ങൾതന്നെ അവർക്ക് ലഭിച്ചു. അബൂബക്റി(റ)ന്റെ ഇടയൻ ആമിറുബ്നു ഫുഹൈറക്കും അബൂബക്റിന്റെ പ്രിയപുത്രി അസ്മാഇനുമായിരുന്നു സൗർഗുഹയിൽ ഭക്ഷണമെത്തിക്കുന്ന ചുമതല. എല്ലാ ദിവസവും സയാഹ്നത്തിൽ ആമിർ തന്റെ ആടുകളുമായി ഗുഹാമുഖത്തെത്തും. അവിടെ വെച്ച് അദ്ദേഹം മുഹാജിറുകൾക്ക് ആവശ്യമുള്ള പാൽ കറന്നു കൊടുത്തു. അസ്മാഅ് ആകട്ടെ, തൽക്കാലത്തേക്കുള്ള ഭക്ഷ്യ പദാർഥങ്ങൾക്കു പുറമെ നബി(സ)ക്കും അബൂബക്റി(റ)നും മദീനയിലെത്തുന്നതുവരെ ഉപയോഗിക്കാനുള്ള പാഥേയവും ഗുഹയിലെത്തിച്ചു. ഗുഹയിൽ വന്നു പോകുന്നവരുടെ കാൽപാടുകൾ മണലിൽ പതിഞ്ഞിരുന്നു. നബിയുടെ മണം പിടിച്ചു നടക്കുന്ന ശത്രുക്കളുടെ ദൃഷ്ടിയിൽ ഈ കാൽപാടുകൾ പതിഞ്ഞെങ്കിലോ? ആ തന്ത്രശാലികൾ അതിനും വഴി കണ്ടിരുന്നു. ഓരോ ദിവസവും സായാഹ്നത്തിൽ ആമിറുബ്നു ഫുഹൈറ, അബ്ദുല്ലയുടെ കാൽപാടുകളിലൂടെയാണ് ആടുകളെ തെളിക്കുക. ആടുകളുടെ കുളമ്പടികൾ മനുഷ്യരുടെ കാൽപാടുകളെ മായ്ച്ചുകളഞ്ഞു.

എന്തുമാത്രം ചതുരതയാർന്ന ആസൂത്രണങ്ങൾ! എവിടെയും ഒരു വിടവുമില്ല. ഇനി ദൈവിക സഹായം മാത്രമേ ലഭിക്കേണ്ടതുള്ളൂ.

മനുഷ്യകഴിവുകളുടെ വിനിയോഗം ദൈവേഛയുമായി സമഞ്ജസമായി സമന്വയിക്കുമ്പോൾ, മനുഷ്യാധ്വാനവും ദൈവിക മാർഗദർശനവും തമ്മിൽ താളപ്പൊരുത്തമുണ്ടാകുമ്പോൾ ദൈവിക സഹായം മനുഷ്യനെ വെടിയുകയില്ലെന്നത് നിസ്സംശയമാകുന്നു.

## ദൈവിക സഹായങ്ങൾ

നബി(സ)യുടെ ഹിജ്റ മുഴുവനായും നിർവഹിക്കപ്പെട്ടത് അല്ലാഹുവിന്റെ സംരക്ഷണത്തിലും ശ്രദ്ധയിലും തന്നെയായിരുന്നു. എങ്കിലും ഹിജ്റാ സംഭവത്തിൽ മൂന്ന് അവസരങ്ങളിൽ ദൈവികസഹായം നേരിട്ട് അവതരിച്ചതായി നമുക്ക് കാണാം. നബി(സ) സ്വഗൃഹത്തിൽനിന്ന് പുറപ്പെടുമ്പോഴായിരുന്നു ഒന്നാമതായി ദൈവസഹായം നേരിട്ടിറങ്ങിവന്നത്. നബി(സ)യെ വധിക്കാനും വധത്തിന്റെ ഉത്തരവാദിത്വം കൂട്ടായി ഏറ്റെടുക്കാനും തീരുമാനിച്ച് ഘാതുകന്മാർ തിരുമേനിയുടെ വീട് വളഞ്ഞ ആ കറുത്ത രാത്രി. തിരുമേനിയെ കാണുന്ന നിമിഷത്തിൽ അദ്ദേഹത്തിന്റെ തലയറുക്കാൻ ഊരിപ്പിടിച്ച വാളുമായി നിലകൊള്ളുകയായിരുന്നു ആ കാപാലികന്മാർ. മനുഷ്യലോകത്ത് കറുത്ത യുഗങ്ങൾ വിളയിക്കുന്ന വിത്തായിത്തീരുമായിരുന്ന ആ കറുത്ത നിമിഷം ആഗതമായില്ല. ഒരിക്കലും ആഗതമാവുകയുമില്ല.

നബി(സ) എഴുന്നേറ്റു വാതിൽ തുറന്നു. അവിടത്തെ അധരങ്ങളിൽ ഈ ഖുർആൻ സൂക്തങ്ങളുണ്ടായിരുന്നു: "യാസീൻ. മഹത്തായ തത്ത്വങ്ങളുൾക്കൊള്ളുന്ന ഖുർആനാണ്. നീ ദൈവദൂതന്മാരിൽ പെട്ടവൻ തന്നെയാകുന്നു. നേർമാർഗത്തിലാണ് നീ നിലകൊള്ളുന്നത്. അജയ്യനും പരമകാരുണികനുമായ അല്ലാഹുവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു (ഈ ഖുർആൻ). ഒരു ജനതക്ക് മുന്നറിയിപ്പ് നൽകുവാനത്രെ (ഇത് നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ളത്). അവരുടെ പൂർവികർ മുന്നറിയിപ്പ് നൽകപ്പെട്ടിട്ടില്ല. അതിനാൽ അവർ അശ്രദ്ധരായി ജീവിക്കുന്നവരാകുന്നു. എന്നാൽ അവരിലധികപേരിലും (നമ്മുടെ)വചനം പുലർന്നു കഴിഞ്ഞിരിക്കുന്നു. ആ ചങ്ങലകൾ അവരുടെ താടിയെല്ലുവരെ എത്തിയിട്ടുണ്ട്. തന്നിമിത്തം അവർ ശിരസ്സ് മേൽപോട്ടുയർത്തിക്കൊണ്ടാണ് നിൽപ്പ്. (കൂടാതെ) അവരുടെ മുന്നിലും പിന്നിലും നാം ഓരോ മറകൾ സ്ഥാപിച്ചിരിക്കുന്നു. അങ്ങനെ നാമവരെ മൂടിമറച്ചിരിക്കയാണ്. അതിനാൽ അവർ യാതൊന്നും കാണുന്നില്ല."

ഊരിപ്പിടിച്ച വാളുകളുടെ വേലി അവിടന്ന് മുറിച്ചുകടന്നു. അല്ലാഹു സൃഷ്ടിച്ച അന്ധകാരത്തിന്റെ കനത്ത പുറംതോടിനുള്ളിൽ, നിതാന്ത ജാഗ്രതയോടെ തുറിച്ചുനിന്നിട്ടും ശത്രുദൃഷ്ടികൾ അത് കണ്ടില്ല. നബി(സ)യും അബൂബക്റും(റ) സുരക്ഷിതരായി തങ്ങളുടെ ലക്ഷ്യത്തിലേക്ക് സഞ്ചരിച്ചു.

## രണ്ടാമത്തെ ദൈവിക സഹായം

ആപൽ സാധ്യതകൾ കുമിഞ്ഞുകൂടിയ നിർണായകമായ ദിനരാത്രങ്ങൾ. ഭീകരമായ നിമിഷങ്ങൾ. തങ്ങളെ അരച്ചു കുടിക്കാനുള്ള രോഷത്തോടെ തിരക്കി നടക്കുന്ന ശത്രുക്കളുടെ ചെരിപ്പുകൾ, ഗുഹയിലിരുന്നു പുറത്തേക്കുറ്റുനോക്കുന്ന അബൂബക്ർ സ്വന്തം കണ്ണുകൾകൊണ്ട് കാണുന്നു. അദ്ദേഹം ഭയന്നുവിറച്ചു. സ്വജീവനെക്കുറിച്ചായിരുന്നില്ല അദ്ദേഹത്തിന്റെ ഭയം. നബി(സ)യുടെ ജീവന്റെ മുമ്പിൽ സ്വന്തം സുരക്ഷിതത്വം അദ്ദേഹത്തിന് കേവലം തൃണമായിരുന്നു. തിരുമേനിയെയും തിരുമേനി പ്രതിനിധാനം ചെയ്ത സത്യത്തെയും നേരിടുന്ന വിപത്തായിരുന്നു അബൂബക്റിനെ ഭയാക്രാന്തനാക്കിയിരുന്നത്.

വിറയാർന്ന ചുണ്ടുകളോടെ അബൂബക്ർ(റ) മന്ത്രിച്ചു: "അവരിൽ ആരെങ്കിലുമൊരുവൻ മുട്ടിനു താഴെ കുനിഞ്ഞു നോക്കിയാൽ അവർ നമ്മെ രണ്ടു പേരെയും കണ്ടതു തന്നെ." തിരുമേനി(സ)യുടെ നിർഭീതമായ പ്രത്യുത്തരമിതായിരുന്നു: "അബൂബക്ർ, രണ്ടാൾ മാത്രമെന്ന് വിചാരിക്കരുത്. മൂന്നാമനായി അല്ലാഹുവുമുണ്ട് നമ്മുടെ കൂടെ." സുരക്ഷിതത്വത്തിനു വേണ്ടി തങ്ങൾ ചെയ്യേണ്ടതൊക്കെ ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി അല്ലാഹുവിന്റെ ഭാഗമേ ബാക്കിയുള്ളൂ. തങ്ങൾ ചെയ്യേണ്ടത് ചെയ്തു കഴിഞ്ഞാൽ അല്ലാഹു ചെയ്യേണ്ടത് ചെയ്യുമെന്നതിൽ ശങ്കയെന്തിന്? അതായിരുന്നു നബിയുടെ നിർഭീതിക്കാധാരം. നബിയുടെ കാൽപാടുകൾ പരതുന്ന മുശ്രിക്കുകളുടെ ശ്രമം പാഴ്വേല മാത്രമായിരുന്നു. കാരണം തിരുമേനി അല്ലാഹുവിന്റെ സംരക്ഷണത്തിലായിരുന്നു. അവിടത്തെ പിടികൂടുക മനുഷ്യരെ സംബന്ധിച്ചേടത്തോളം തികച്ചും അസംഭവ്യമായി കഴിഞ്ഞിരുന്നു. അവിടത്തെ തിരുശിരസ്സ് തേടിക്കൊണ്ട് ഭൂമിയിലെ സൈന്യങ്ങൾ മുഴുവൻ ആ ഗുഹാമുഖത്തൊത്തുകൂടിയാ

ലും അവരാരും അവിടത്തെ കാണുകയോ സ്പർശിക്കുകയോ ചെയ്യുമായിരുന്നില്ല. അല്ലാഹു അവർക്ക് നൽകിയ സഹായത്തെ അവൻ തന്റെ സ്വന്തം വചനങ്ങളിൽ വിവരിക്കുന്നു: "നിങ്ങൾ അദ്ദേഹത്തെ (നബിയെ) സഹായിക്കുന്നില്ലെങ്കിൽ അല്ലാഹു സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തെ രണ്ടിലൊരാളായി, അവിശ്വാസികൾ (സ്വദേശത്തുനിന്ന്) പുറത്താക്കിയപ്പോൾ, ഇരുവരും ഗുഹക്കുള്ളിലായിരുന്നപ്പോൾ, തന്റെ സഖാവിനോട് വ്യസനപ്പെടേണ്ട. തീർച്ചയായും അല്ലാഹുവുണ്ട് നമ്മുടെ കൂടെ എന്ന് അദ്ദേഹം പറഞ്ഞപ്പോൾ, അല്ലാഹു അവന്റെ ശാന്തി അദ്ദേഹത്തിനിറക്കിക്കൊടുത്തു. നിങ്ങൾ കാണാത്ത ഒരു സേനയെക്കൊണ്ട് അവൻ അദ്ദേഹത്തെ തുണച്ചു. അവിശ്വാസികളുടെ 'കലിമത്ത്' (വചനം) താഴ്ത്തിവെച്ചു. ദൈവവചനം ഉയർത്തുകയും ചെയ്തു. അല്ലാഹു അജയ്യനും യുക്തിജ്ഞനുമത്രെ."

## സുറാഖയുടെ വ്യാമോഹം

മുഹമ്മദിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്കായി ഖുറൈശികൾ പ്രഖ്യാപിച്ച ഭീമമായ സമ്മാനത്തിന്റെ സ്വപ്നത്തിൽ മതിമറന്ന സുറാഖ തുബ്നു മാലിക് തന്റെ മികച്ച കുതിരയുടെ പുറത്ത് മരണം ജ്വലിക്കുന്ന കുന്തവും ഓങ്ങിപ്പിടിച്ചു കിതച്ചോടുകയാണ്. മറ്റനേകായിരം കാട്ടറബികളെപ്പോലെ, അല്ല മനുഷ്യരെപ്പോലെ ഒരാളായിരുന്നു സുറാഖയും. ഏതു കാലത്തും ഏതു നാട്ടിലും നമുക്ക് സുറാഖമാരെ കണ്ടെത്താം. വെള്ളിക്കാശുകളുടെ തിളക്കത്തിൽ കാഴ്ചയും കേൾവിയും നഷ്ടപ്പെടുന്ന പാവങ്ങൾ. പിന്നെ ആ തുട്ടുകൾ കരസ്ഥമാക്കാൻ സ്വന്തം മനസ്സാക്ഷിയും മാന്യതയും അഭിമാനവുമൊക്കെ വിൽക്കാൻ അവർ സന്നദ്ധരാകും. എന്നും എവിടെയുമുണ്ട് അത്തരക്കാർ. അക്രമത്തിൽനിന്നും പൈശാചികത്വത്തിൽനിന്നും പലായനം ചെയ്യുന്നവരെ പിടികൂടാൻ ഇന്നും ഏറ്റവും നല്ല മാർഗം അവരെ പിടികൂടുന്നവർക്ക് അക്കങ്ങളധികമുള്ള സമ്മാനങ്ങൾ പ്രഖ്യാപിക്കുക തന്നെയാണല്ലോ. പക്ഷേ, ഇവിടെ ഉന്നത ലക്ഷ്യങ്ങളെ ചവിട്ടിമെതിക്കാൻ അധമമോഹങ്ങളെ അനുവദിച്ചുകൂടാ എന്നായിരുന്നു ദൈവേഛ. പൈശാചികമായ ക്ഷുദ്രവിചാരങ്ങൾ ചിലപ്പോൾ ജയിക്കും. ഉന്നത ലക്ഷ്യങ്ങളിലേക്ക് പ്രയാണം ചെയ്യുന്നവർ സ്വന്തം കഴിവുകളെ അവഗണിക്കുകയും സമർഥമായ ആസൂത്രണം വർജിക്കുകയും സൃഷ്ടികൾ സ്രഷ്ടാവുമായി ദൃഢമായ ബന്ധം സ്ഥാപിക്കാതിരിക്കുകയും ചെയ്യുമ്പോഴാണത്. അത്തരം സന്ദർഭങ്ങളിൽ അവരുടെ ആശകളും പ്രതീക്ഷകളും വെള്ളത്തിലെ നുരപോലെ ദുർബലമാകുന്നു. വെള്ളത്തിന്റെ പ്രവാഹത്തിൽ അവ ക്ഷിപ്രം പൊട്ടിത്തകർന്നില്ലാതാകുന്നു.

പക്ഷേ, തിരുദൂതർ(സ) അങ്ങനെയായിരുന്നില്ല. അവിടുന്ന് ആ പരിതഃസ്ഥിതിയിൽ തനിക്ക് സ്വീകരിക്കാവുന്നതിന്റെ പരമാവധി മുൻ കരുതലുകൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. അവിടത്തെ ബുദ്ധിയും സാമർഥ്യവും പൂർണമായും അതിൽ വിനിയോഗിച്ചുകഴിഞ്ഞതാണ്. അദ്ദേഹത്തിന്റെയും ദൈവസഹായത്തിന്റെയുമിടയിൽ ഇനി മറയൊന്നുമില്ല. അതുകൊണ്ട് സുറാഖ എത്ര കിതച്ചോടിയിട്ടും തിരുമേനി(സ)യുടെയും അബൂബക്റിന്റെയും ഒപ്പമെത്തിയില്ല. അല്ല, രണ്ടോ മൂന്നോ തവണ അയാൾ ആ മുഹാജിറുകളെ പ്രാപിക്കാറായതാണ്. പക്ഷേ, അപ്പോഴൊക്കെ കുതിര അടിതെറ്റി, സുറാഖ മണ്ണിൽ ഉരുണ്ടുവീണു. അയാൾക്കു തോന്നി: വിശന്നു പൊരിയുന്ന, ദീർഘയാത്രയിൽ തളർന്ന ഈ പലായകർക്കൊപ്പമെത്താൻ തന്റെ മികച്ച കുതിരക്ക് കഴിയുന്നില്ല. കുതിര വീണുപോകുന്നു. തന്നെ മണ്ണിൽ വീഴ്ത്തുന്നു. ഇതൊരു സൂചനയാണ്. താൻ പിന്തുടരുന്നത് സാധാരണക്കാരെയല്ല. അവർക്ക് അഭൗമിക സഹായമുണ്ട് തീർച്ച. അതുകൊണ്ട് തന്റെ വീഴ്ചകൾ തന്നോടുള്ള ദൈവത്തിന്റെ താക്കീതാണ്. അതുവരെ നബി(സ)യുടെയും അബൂബക്റിന്റെയും തലയെടുക്കാൻ കുതിച്ചുപാഞ്ഞ സുറാഖ അടുത്ത നിമിഷം നിസ്സഹായരായ ആ പലായകരോട് അഭയം തേടുന്നു. നബി(സ) അയാൾക്കഭയം നൽകി. സുറാഖ അവർക്ക് ധാരാളം ഭക്ഷണസാധനങ്ങളും മറ്റും സമ്മാനിച്ചു. തിരുമേനി അതെല്ലാം സ്നേഹപൂർവം തിരസ്കരിക്കുകയാണ് ചെയ്തത്. ആ കാട്ടറബി തന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു അതിനെ തിരിച്ചു തെളിച്ചു. വിശന്ന നായ്ക്കളെപ്പോലെ കുതിച്ചോടുന്ന ഇതര തിരച്ചിൽകാരെ കണ്ടപ്പോഴൊക്കെ അയാൾ പറഞ്ഞു: "മതി, അവരെ ഇവിടെങ്ങും തിരക്കിയിട്ടു കാര്യമില്ല." അതു മാത്രായിരുന്നു, നബി(സ) അയാളിൽനിന്നാവശ്യപ്പെട്ടത്.

പ്രവാചക നിയോഗത്തിന്റെ പതിമൂന്നാം വർഷം റബീഉൽ അവ്വൽ പന്ത്രണ്ടിന് നബി(സ)യും അബൂബക്റും (റ) മദീനയുടെ അതിർത്തിയിലെത്തി. പ്രതീക്ഷാനിർഭരമായ നേത്രങ്ങൾ അകലങ്ങളിൽ നട്ടുകൊണ്ട് മദീനാ വാസികൾ നഗരാതിർത്തിയിൽ അക്ഷമയോടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. നബിയും കൂട്ടുകാരനും പ്രത്യക്ഷപ്പെടേണ്ട താമസം, സന്തോഷ പ്രഹർഷത്തോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. ദിക്കുകൾ പൊട്ടും മട്ടിൽ തക്ബീർ ധ്വനികൾ മുഴക്കപ്പെട്ടു. കൊച്ചു കുട്ടികൾ പോലും പാട്ടുപാടി നൃത്തം ചെയ്തു. മദീനയുടെ അതിർത്തിക്കപ്പുറം വിദൂരതയിൽ നബിയുടെയും അബൂബക്റിന്റെയും അവ്യക്ത രൂപങ്ങൾ ദൃശ്യമായപ്പോൾ രണ്ടു സഞ്ചാരികളുടെ ആഗമനമായല്ല അവരതിനെ കണ്ടത്. അവരെ സംബന്ധിച്ചേടത്തോളം മനുഷ്യരൂപം പൂണ്ട രണ്ട് മഹാഭാഗ്യങ്ങളുടെ ആഗമനമായിരുന്നു അത്. ഒരു പുതുയുഗത്തിന്റെ പ്രഭാതകിരണങ്ങളായിരുന്നു. പരിവർത്തനങ്ങളുടെയും പരിഷ്കരണങ്ങളുടെയും ആരംഭമായിരുന്നു. പുരുഷാർഥങ്ങളുടെ സാക്ഷാത്കരണത്തിന്റെ നാന്ദിയായിരുന്നു. അനുഗ്രഹങ്ങളുടെയും ഐശ്വര്യങ്ങളുടെയും താക്കോലുകളായിരുന്നു. തങ്ങൾ അദ്ദേഹത്തോടൊപ്പം, അദ്ദേഹത്തെക്കൊണ്ട്, അദ്ദേഹത്തിന്റെ പ്രബോധനത്തിന് വേണ്ടി ഒരു പുതുയുഗം, നവലോകം കെട്ടിപ്പടുക്കാൻ തുടങ്ങുകയാണ്. പുതിയ പ്രമാണങ്ങൾ, പുതിയ വ്യവസ്ഥ, പുതിയൊരു സമൂഹം അതിന്റെ അസ്തിവാരമിടാനുള്ള മഹാഭാഗ്യമാണ് തങ്ങൾക്ക് കൈവന്നിരിക്കുന്നത്. ഈ പ്രവർത്തനം ഇസ്‌ലാമിക പ്രബോധനത്തിന്റെ രണ്ടാം ഘട്ടമാണ്. മുസ്‌ലിംകളെ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് സുരക്ഷിതരാക്കുകയും അവർക്ക് സ്വൈരമായും ത്വരിതമായും മുന്നോട്ടുള്ള കാലടികൾ വെക്കാൻ വഴി വെട്ടിത്തെളിയിക്കുകയുമാണത്. പ്രവാചക പുംഗവനെ സ്വീകരിക്കാൻ മദീനാവാസികൾ ആയുധങ്ങളണിഞ്ഞുകൊണ്ടു വന്നതിൽ അത്ഭുതമൊന്നുമില്ല. മുഹാജിറുകളോടൊപ്പം സമരം ചെയ്യേണ്ട സൈനികരായിരുന്നു അവർ.

ഒരു സമൂഹം സൃഷ്ടിക്കാനുള്ള പ്രവർത്തനത്തിന്റെ

പരിസമാപ്തിയും ഒരു നാഗരിക സമൂഹത്തെ വാർത്തെടുക്കാനുള്ള പ്രവർത്തനത്തിന്റെ സമാരംഭവുമായിരുന്നു റബീഉൽ അവ്വൽ പന്ത്രണ്ട്. രാഷ്ട്രത്തിന്റെയും നാഗരികതയുടെയും സ്രഷ്ടാവായ മനുഷ്യനെ വാർത്തെടുക്കുന്നതിലായിരുന്നു അതിനു മുമ്പ് അവിടത്തെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത്.

## ചരിത്ര വ്യാഖ്യാനത്തിന്റെ അസ്തിവാരങ്ങൾ

മനുഷ്യ ചരിത്രത്തെ മൊത്തത്തിലും ഇസ്‌ലാമിക ചരിത്രത്തെ പ്രത്യേകിച്ചും വ്യാഖ്യാനിക്കാൻ സഹായകമായ ചില സുപ്രധാന തത്ത്വങ്ങൾ കൂടി ഹിജ്റാ സംഭവങ്ങളിൽനിന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഏതൊരു ചരിത്ര സംഭവവും ഹിജ്റാ പരിപാടികളിൽനിന്ന് വ്യക്തമാകുന്നതുപോലെ മനുഷ്യേഛകളിലൂടെയോ നേരിട്ടോ സ്ഥലകാലങ്ങളിൽ പ്രകടിതമാകുന്ന ദൈവേഛകളുടെ വ്യാഖ്യാനമാണ്. ഈ അടിസ്ഥാന സത്യത്തെ അവഗണിച്ചുകൊണ്ട് പ്രാപഞ്ചിക ചരിത്രത്തെയോ മനുഷ്യചരിത്രത്തെയോ ജന്തു ചരിത്രത്തെയോ യഥാവിധം പഠിക്കാനാവില്ല. പ്രതിഭാസങ്ങൾ സൃഷ്ടിക്കാനായി ദൈവിക പ്രവർത്തനത്തിന് മൂന്നു രൂപങ്ങളുണ്ട്.

1. ചരിത്ര പ്രധാനമായ പ്രവർത്തനം അവൻ നേരിട്ടു നിർവഹിക്കുക. തിരുമേനി(സ)ക്ക് തന്നെ വധിക്കാൻ വാളോങ്ങി നിൽക്കുന്ന ശത്രുക്കളുടെ മുമ്പിലൂടെ വീടു വിട്ടിറങ്ങിപ്പോരാൻ സാധിച്ചത് ഇതിനുദാഹരണമാണ്. നബി(സ)യുടെ ധിഷണാവൈഭവത്തിന്റെയോ ശാരീരിക ശക്തിയുടെയോ മറ്റു ഭൗതിക ശക്തികളുടെയോ ഫലമായിരുന്നില്ല, ആ രക്ഷപ്പെടൽ.

2. ചരിത്രപരമായ കാരണങ്ങൾ എന്നു വിളിക്കാവുന്ന കാര്യങ്ങൾ. അതായത് ഒരു സംഭവം അങ്ങനെ ആയിത്തീരാൻ ചരിത്രപരമായ കാരണങ്ങളുണ്ടാവുക. ഈ കാരണം ഭൗതികപ്രകൃതിയുടെ താൽപര്യമോ മാനുഷികമോ ഒക്കെ ആവാം. ചിലപ്പോഴതുണ്ടാവുക പ്രപഞ്ചത്തിന്റെയും ജീവന്റെയും മനുഷ്യന്റെയും ചലനങ്ങളെ വ്യവസ്ഥപ്പെടുത്തുന്ന നിയമങ്ങളുടെ ഒരു സമുച്ചയത്തിന്റെ രൂപത്തിലും ചരിത്ര സംഭവങ്ങളുടെ അനിവാര്യതയെന്ന നിലക്കുമായിരിക്കും. മദീനാരാജ്യം ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അസ്തിവാരമായതും മദീനാവാസികൾ ആ രാഷ്ട്രത്തിന്റെ സേവകരും സംരക്ഷകരുമായതും ഇതിനുദാഹരണമാകുന്നു.

3. മനുഷ്യന്റെ സ്വാതന്ത്ര്യത്തിലൂടെത്തന്നെ പ്രകടിതമാവുക എന്നതാണ് ദൈവിക പ്രവർത്തനത്തിന്റെ മൂന്നാമത്തെ രൂപം. സംഭവങ്ങളും പ്രവർത്തനങ്ങളും ആവിർഭവിപ്പിക്കുന്നതിനുള്ള ദൈവേഛയുടെ വിശാലമായ പരിധിയിൽ പെട്ടതുതന്നെയാണിതും. വ്യഷ്ടിഗതവും സമഷ്ടിഗതവുമായ ചരിത്രം നിർമിക്കാൻ പ്രാരംഭം മുതലേ അല്ലാഹു മനുഷ്യന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സ്വന്തം അസ്തിത്വത്തിൽ നിക്ഷിപ്തമായിട്ടുള്ള പ്രവർത്തനശേഷിയും ഇഛാശക്തിയും ബുദ്ധിയും ധിഷണാവൈഭവവും ഉപയോഗിച്ച് താന്താങ്ങളുടെ ഭാഗധേയം രൂപപ്പെടുത്താൻ ഓരോ വ്യക്തിക്കും സമൂഹത്തിനും സാധ്യമാകുന്നു. ഹിജ്റാ സംഭവത്തിൽ നബി(സ)യുടെ ബുദ്ധിശക്തിയും പ്രവർത്തനശേഷിയും സാമർഥ്യവും നിർവഹിച്ച പങ്ക് ദൈവിക പ്രവർത്തനത്തിന്റെ ഈ മൂന്നാമത്തെ രൂപത്തെയാണ് പ്രതിനിധീകരിക്കുന്നത്. ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യാനും ചരിത്രം സൃഷ്ടിക്കാനും സ്വന്തം സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്തുന്ന മുഷ്യൻ അനിവാര്യമായും അവലംബിക്കേണ്ട മൂന്ന് സാംസ്കാരിക പൈതൃകങ്ങളുണ്ട്. അവ മതപരമാവട്ടെ, മതേതരമാവട്ടെ. തിരുനബി(സ) തന്റെ ലക്ഷ്യത്തിലേക്കുള്ള കാലടികൾ ചിട്ടപ്പെടുത്തിയ ഹിജ്റാ സംഭവത്തെ സൂക്ഷ്മമായി വിശകലനം ചെയ്തുനോക്കുക. പ്രസ്തുത മൂന്നു മൂലകങ്ങളെയും അവിടുന്ന് സമഞ്ജസമായി സമന്വയിപ്പിച്ചു പ്രയോജനപ്പെടുത്തിയതായി കാണാം. അതായിരുന്നു അദ്ദേഹം ത ന്റെ സൃഷ്ടിക്കുപയോഗിച്ച കളിമണ്ണ്.

## ദൈവം, മനുഷ്യൻ, പ്രകൃതി

മതാധിഷ്ഠിതവും മതനിരപേക്ഷവുമായ മിക്ക ചരിത്ര വ്യാഖ്യാനങ്ങളും മറുപടി കണ്ടെത്താൻ ശ്രമിച്ച രണ്ട് ചോദ്യങ്ങളുണ്ട്. നാഗരികതയുടെ സംസ്ഥാപനത്തിലും ചരിത്ര നിർമാണത്തിലും ആത്മാവും ജഡവുമടങ്ങുന്ന മനുഷ്യനും ഭൗതികശക്തികൾ ഉൾക്കൊള്ളുന്ന പ്രകൃതിയും ദൈവവും തമ്മിൽ എന്തു ബന്ധമാണുള്ളത്? ദൈവം, പ്രകൃതി, മനുഷ്യൻ ഈ മൂന്ന് ഘടകങ്ങളിൽ ഏതെങ്കിലും ഒന്നിനെ മാത്രം അവലംബിച്ചു മറ്റു രണ്ടു ഘടകങ്ങളെയും തിരസ്കരിക്കാമോ? അല്ലെങ്കിൽ ശീർഷക ഘടകത്തെ നിഴൽപോലെ അനുഗമിക്കുന്നവയാണോ അവ രണ്ടും? ദൈവത്തിന്റെയും പ്രകൃതിയുടെയും മനുഷ്യന്റെയുമിടക്ക് ഈ മതിൽക്കെട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്തിനാണ്?

ഈ ചോദ്യങ്ങൾക്കുത്തരം പറഞ്ഞ ചരിത്ര ദർശനങ്ങളിലധികവും അഗാധമായ വിടവുകൾ അവശേഷിപ്പിച്ചുകൊണ്ടാണത് ചെയ്തിട്ടുള്ള്. അവയുടെ ചർച്ചകളിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്, ക്രിയാത്മകത മുഴുവൻ ഒരു ഘടകത്തിൽ മാത്രം ആരോപിക്കുകയും ഇതര ഘടകങ്ങൾ അസംബന്ധമായി ഗണിക്കുകയും ചെയ്യുക എന്ന അബദ്ധജടിലമായ സമീപനമാണ്. അവിടെനിന്നാണ് മെറ്റാഫിസിക്കൽ ചരിത്ര ദർശനത്തിന്റെ ആവിർഭാവം. മധ്യകാല യൂറോപ്പിൽ ചരിത്രത്തിന്റെ ദൈവിക വ്യാഖ്യാനമായി അത് സ്വയം പരിണമിച്ചു. ശാസ്ത്രീയമെന്നു വിളിക്കപ്പെടുന്ന, ചരിത്രത്തിന്റെ ഭൗതിക പ്രഖ്യാപനം വരെയുള്ള നിരവധി ചരിത്രവ്യാഖ്യാനങ്ങളുടെ കഥ ഇതുതന്നെയാണ്. ഷബിൻജർ,ടോയൻബി തുടങ്ങിയ അനേകം ആധുനിക ചരിത്ര ദാർശനികർ ഈ അബദ്ധം മനസ്സിലാക്കിയിരിക്കുന്നു. അവർ വളരെ പിന്നോട്ടുവന്നു. സമുന്നയിച്ച ഒന്നാമത്തെ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ വിടവില്ലാത്ത ഒരു മാർഗം വെട്ടിത്തെളിയിക്കുകയും സൂക്ഷ്മതയോടെ അഗാധമായ ബീജങ്ങൾ കണ്ടെത്താൻ ബുദ്ധിപരവും വസ്തുനിഷ്ഠവും സമഗ്രവും സന്തുലിതവുമായ നീക്കങ്ങൾ നടത്തിക്കൊണ്ട് ഈ മാർഗത്തിൽ അവർ കുറേയെറെ സഞ്ചരിച്ചു നോക്കുകയും ചെയ്തു. പക്ഷേ, വസ്തുതകളെ പൂർണമായും ശരിയായോ സമഗ്രമായോ കണ്ടെത്താൻ സാധ്യമാകാത്തവിധം അവരുടെ മുമ്പിൽ കനത്ത മതിൽക്കെട്ടുകൾ ഉയർന്നു നിൽക്കുന്നുണ്ട്. സമ്മിശ്രമായ ധാരാളം അടിസ്ഥാന ഘടകങ്ങളും ഭൗതിക പ്രതികരണങ്ങളും ഉൾക്കൊള്ളുന്നതാണ്, ചരിത്ര സംഭവങ്ങളിൽ അവർ കണ്ടെത്തിയിട്ടുള്ള മനഃശാസ്ത്രപരമായ സിദ്ധാന്തങ്ങൾ. അതിനാൽ ഘടകത്രയങ്ങളുടെ ക്രിയാത്മകതയിൽ കിടക്കുന്ന മൂടുപടം ഇനിയും വലിച്ചുമാറ്റാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ദൃശ്യത്തിനും അദൃശ്യത്തിനും

പദാർഥത്തിനും ആത്മാവിന്നുമിടയിൽ പ്രകൃതിക്കും അതീത പ്രകൃതിക്കുമിടയിൽ ഇപ്പോഴും മതിലുകൾ നില നിൽക്കുകയാണ്.

ചരിത്ര സംഭവങ്ങളുടെ സൃഷ്ടി കേവലം ഒരു ശക്തിക്ക് സാധ്യമല്ലെന്നവർ പ്രഖ്യാപിച്ചുവെന്നത് ശരിയാണ്. കാരണം ദൈവവും മനുഷ്യനും പ്രകൃതിയും (കാല മുൾപ്പെടെ) തമ്മിൽ സൃഷ്ട്യുന്മുഖമായി ബന്ധപ്പെടാതെ ചരിത്രപരമായ യാതൊരു ചലനവുമുണ്ടാക്കുന്നില്ല. ഇതിൽ ഏതെങ്കിലും ഒരു ഘടകത്തെ തള്ളിക്കളയുന്നത് ചരിത്ര ചലനത്തിന്റെ അടിസ്ഥാന യാഥാർഥ്യങ്ങളെ സംബന്ധിച്ച അജ്ഞത മാത്രമാണ്. പക്ഷേ, പരിമിതമായ ദാർശനിക മണ്ഡലങ്ങളുടെയും അപൂർണമായ വീക്ഷണങ്ങളുടെയും ബന്ധത്തിലകപ്പെടുന്നതിൽനിന്ന് മോചിതരാകാൻ അവർക്ക് സാധിച്ചില്ല. ചരിത്ര വിശകലനത്തിൽ സങ്കീർണമായ മനഃശാസ്ത്ര തത്ത്വങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും അവർക്ക് തകരാറുകൾ പിണഞ്ഞു. നിരവധി അബദ്ധങ്ങൾ സംഭവിക്കുക എന്നതായിരുന്നു അതിന്റെ സ്വാഭാവിക ഫലം.

വ്യക്തിയുടെയും സമൂഹത്തിന്റെയും ചലനത്തോട് പ്രബോധനം ബന്ധപ്പെടുന്നതെങ്ങനെ എന്നും പ്രവാചകന്റെ ഹിജ്റ നമ്മെ പഠിപ്പിക്കുന്നു. മാർക്സും ഹെഗലും മറ്റും സിദ്ധാന്തിച്ചതുപോലെ വൈരുധ്യങ്ങളുടെ സംഘട്ടനത്തിൽനിന്നേ ചലനമുത്ഭവിക്കൂ എന്നില്ലെന്നും അത് മനസ്സിലാക്കിത്തരുന്നു. ഉയരങ്ങളിൽനിന്ന് വരുന്ന ഒരാഹ്വാനത്തിനു നേരെയുള്ള, ബാഹ്യപ്രവർത്തനങ്ങളോട് സമന്വയിതമായ ആന്തരിക പ്രതികരണമാണ് ഏറെ ചരിത്ര സംഭവങ്ങളുടെയും പ്രഭവം. ഉന്നതമായ മൂല്യങ്ങളും താഴ്ന്ന അസ്തിത്വവും തമ്മിലുള്ള സമ്പർക്കം. അതാണ് ചരിത്രത്തെ ത്വരിപ്പിക്കുന്ന ശക്തി. താഴെ തപ്പിത്തടയുന്നവർക്ക്, കഠിനമായ യാതനകൾ അനുഭവിക്കുകയും വിധ്വംസകമായ വിശ്വാസ പ്രമാണങ്ങളുടെ ശക്തിയാൽ മോചനം വിലക്കപ്പെടുകയും ചെയ്തവർക്ക് പ്രചോദന ദായകമായ ലക്ഷ്യമാണ് ഉന്നത മൂല്യങ്ങൾ (ഒടുവിൽ പറഞ്ഞ വിഭാഗത്തിന്റെ ചലനത്തെയാണ് ഹിജ്റ പ്രതിനിധീകരിക്കുന്നത്). ഉന്നതമായ മൂല്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള അഭിവാഞ്ഛയാൽ ഉത്തേജിതരായ നിന്ദിതരും പീഡിതരും ബന്ധിതരും. അപ്രതിരോധ്യമായ ഈ ഉയിർത്തെഴുന്നേൽപാണ് മിക്ക സന്ദർഭങ്ങളിലും വ്യക്തികളെയും സമൂഹങ്ങളെയും മഹത്തായ പരിവർത്തനങ്ങളിലേക്ക് നയിക്കുന്നതും ചരിത്രങ്ങൾ സൃഷ്ടിക്കുന്നതും. എന്നിരിക്കെ വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെ മാത്രം ഫലമാണ് ചരിത്ര ചലനമെന്ന് പറയുന്നത് തികച്ചും അബദ്ധവും അർഥശൂന്യവുമാകുന്നു.

## സംഘട്ടനങ്ങളുടെ വൈവിധ്യം

സംഘട്ടനത്തിനു വിവിധ രൂപങ്ങളുണ്ടാകാം. വൈരുധ്യങ്ങൾ തമ്മിലേ അതുണ്ടായിക്കൂടൂ എന്നില്ല. ബാഹ്യവ്യത്തത്തോടൊപ്പം മനുഷ്യഭാവനയിലുള്ള സത്താപരമായ ഏകത്വത്തിനും രഞ്ജിപ്പിനും വേണ്ടി ശ്രമിക്കുന്ന അസ്തിത്വപരമായ അഭിലാഷത്തിന്റെ ഫലമായും സംഘട്ടനമുണ്ടാകാം. മനുഷ്യനും പ്രപഞ്ചവും തമ്മിൽ സമീകരിക്കപ്പെടാനുള്ള അഭിലാഷത്തിൽനിന്നും അതുത്ഭവിക്കാം. കഴിവുകളുടെയും ശക്തികളുടെയും വ്യവസ്ഥാപിതമായ പൂർത്തീകരണങ്ങളുടെയും നവ സിദ്ധാന്തങ്ങളുടെയും മഹൽ സന്ദേശങ്ങളുടെയും വിജയകരമായ പ്രയാണത്തിനായും അവയുടെ സാധ്യതകളുടെ സംരക്ഷണ പ്രക്രിയയായും സംഘട്ടനമുത്ഭവിക്കാവുന്നതാണ്. അതാണ് ഹിജ്റാ സംഭവത്തിലുണ്ടായത്. ഈ രൂപങ്ങളിലൊന്നുംതന്നെ ഐക്യത്തിനും ഇണക്കത്തിനും ഏകോപനത്തിനുമുള്ള ശ്രമങ്ങളോളം വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനം കാണപ്പെടുന്നില്ല. അവിടെയൊന്നും ചലനത്തിന് വൈരുധ്യങ്ങളുടെ സംഘട്ടനം അനിവാര്യമായിട്ടില്ല. പക്ഷേ, വിവിധ വിതാനങ്ങളിലുള്ള വൈരുധ്യങ്ങളാണവ. മാനസികം, ചിന്താപരം, സൈദ്ധാന്തികം എന്നിങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക. അവയെല്ലാം മാനുഷിക വൈരുധ്യങ്ങളാണ്. മനുഷ്യനിലുള്ള ഭൗതികവും മാനസികവും ആത്മീയവുമായ എല്ലാ ഘടകങ്ങളും അതിലുൾപ്പെടുന്നുണ്ട്. വൈരുധ്യങ്ങളെ ഒരു വശത്ത് മാത്രം– ഹെഗൽ ചെയ്തതുപോലെ ചിന്താരംഗത്തോ മാർക്സ് ചെയ്തതുപോലെ സാമ്പത്തിക രംഗത്തോ മാത്രം– പരിമിതപ്പെടുത്തുന്നതും നിരർഥകമാണ്. മനുഷ്യന്റെ ചാലകശക്തിയെ മുഴുവൻ ഉൾക്കൊള്ളുന്ന രണ്ടു രംഗങ്ങളല്ല അത്. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ എല്ലാറ്റിനോടും സംഘട്ടനം നടത്താനുള്ള ശക്തവും സമഗ്രവുമായ രഭിനിവേശത്തിൽനിന്നാണ് ക്രിയാത്മകത ഉറവെടുക്കുന്നത്.

എത്രയൊക്കെ എഴുതിയാലും പ്രസംഗിച്ചാലും പ്രവാചക പുംഗവന്റെ ഹിജ്റയെ മുഴുവനായി കണ്ടെത്താൻ നമുക്കാവില്ല. കാരണം നമ്മിലാരും അവിടത്തോടൊപ്പമുണ്ടായിരുന്നില്ല. അനതിവിദൂരമായ ഭാവിയിൽ നിലവിൽ വരാൻപോകുന്ന കെട്ടുറപ്പുള്ള ഇസ്‌ലാമിക സമൂഹത്തിൽ തറച്ചുനിൽക്കുന്ന അവിടത്തെ ക്രാന്തദൃഷ്ടികൾ നേരിൽ കാണാൻ ഭാഗ്യമുണ്ടായ സ്വഹാബികളും സഹയാത്രികരുമല്ല നാമാരും.

കഴിവിൽപെട്ട മുൻകരുതലുകളെല്ലാം ഒന്നൊഴിയാതെ അവിടുന്ന് സ്വീകരിച്ചു. പരമാവധി ജാഗ്രത പുലർത്തി ചെയ്യാൻ സാധ്യമായത് നൂറുശതമാനവും ചെയ്തു. കഴിവിന്നതീതമായവ അല്ലാഹുവിനെ ഭരമേൽപിച്ചു. വിജയങ്ങളായി ഇറങ്ങിവരുന്ന ദൈവേഛകളുടെ രൂപത്തിലല്ലാതെ നമുക്കത് കണ്ടെത്താനാവില്ല. പക്ഷേ, പ്രവാചക പുംഗവന്റെ അദൃശ്യമായ ബോധങ്ങളുടെ ആഴം, അല്ലാഹുവുമായുള്ള അവിടത്തെ ആത്മീയ ബന്ധങ്ങളുടെ അഗാധത, അവനോടുള്ള പ്രേമത്തിന്റെ ശക്തി, ഭയത്തിന്റെയും പ്രതീക്ഷകളുടെയും വേളകളിൽ അവിടുന്ന് നടത്തിയ പ്രാർഥനകളിൽ തുളുമ്പിനിന്ന ഭക്തിയുടെ അപാരത, അതൊക്കെ എക്കാലത്തും നമുക്കദൃശ്യമാണ്. അവിടുന്ന് പറഞ്ഞുവല്ലോ: "ഞാനറിയുന്നതൊക്കെ നിങ്ങളും അറിഞ്ഞിരുന്നുവെങ്കിൽ നിശ്ചയം നിങ്ങൾ കുറച്ചു മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യും." ●

**വിവ: അബൂയാസിർ**